**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 261** **25-10-2021 - ൽ മറുപടിയ്ക്ക്**

**തൊഴിലില്ലായ്മ പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ .സി .ബാലകൃഷ്ണൻ , ശ്രീ. എ . പി . അനിൽ കുമാർ , ശ്രീ. അൻവർ സാദത്ത് , ശ്രീ. റോജി എം. ജോൺ | | Shri V Sivankutty (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് തൊഴിലില്ലായ്മ അതിരൂക്ഷമായിരിക്കുകയാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ; | (എ) | സംസ്ഥാനത്ത് തൊഴിലില്ലായ്മ രൂക്ഷമാണെന്ന പൊതുവായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല; എന്നിരുന്നാലും ഈ വിഷയത്തിന്റെ ഗൗരവം ഉൾക്കൊണ്ടു കൊണ്ട് തൊഴിലില്ലായ്മ കുറയ്ക്കുന്നതിനുള്ള സാധ്യമായ എല്ലാ ശ്രമങ്ങളും സർക്കാരിന്റെ ഭാഗത്തുനിന്നും സ്വീകരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. |
| (ബി) | കോവിഡിന്റെ പശ്ചാത്തലത്തിൽ തൊഴിൽ നഷ്ടപ്പെട്ടവരുടെ കണക്കുകൾ ലഭ്യമായിട്ടുണ്ടോ; ഇത് സംബന്ധിച്ച് സർക്കാർ പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (ബി) | തൊഴിൽ വകുപ്പ് ഇക്കാര്യത്തിൽ പഠനം നടത്തിയിട്ടില്ല. |
| (സി) | ആദിവാസി, തീരദേശ മേഖലകളിൽ തൊഴിലില്ലായ്മ രൂക്ഷമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (സി) | ആദിവാസി മേഖലയിലെ തൊഴിലില്ലായ്മ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഗോത്രവർഗ്ഗ വിഭാഗത്തിൽപ്പെട്ട അഭ്യസ്ത വിദ്യരായ ചെറുപ്പക്കാർക്ക് തൊഴിൽ നേടുന്നതിനുള്ള സാഹചര്യവും പരിശീലനവും ഒരുക്കുന്നതിനും, ഇവരുടെ കരിയർ വികസനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുമുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. തീരദേശ മേഖലയിൽ തൊഴിലില്ലായ്മ രൂക്ഷമാണെന്ന് ശ്രദ്ധയിൽപ്പെട്ടി- ട്ടില്ലെങ്കിലും ഫിഷറീസ് വകുപ്പിന്റെ ഏജൻസികൾ മുഖേന മത്സ്യ ബന്ധനത്തിന് പുറമെ ഇതര ഉപജീവന മാർഗ്ഗങ്ങൾ ലഭ്യമാക്കുന്ന വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. |
| (ഡി) | പ്രവാസികൾ വൻതോതിൽ തിരിച്ചുവരുന്നതുമൂലമുണ്ടാകുന്ന പ്രതിസന്ധി ഉൾപ്പെടെ പരിഹരിക്കുന്നതിന് പ്രത്യേക പാക്കേജ് പ്രഖ്യാപിക്കുമോ; വിശദമാക്കുമോ? | (ഡി) | പ്രവാസികൾക്ക് പ്രത്യേകമായി Virtual Registration സാധ്യമാകുന്ന രീതിയിൽ Online Portal (Virtual Employment Exchange) തയ്യാറാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. തിരികെ എത്തിയ പ്രവാസികളെയും കേരളത്തിന് പുറത്ത് |

| | | | |
|---|---|---|---|
| | | | നിലവിൽ ജോലി ചെയ്യുന്നവരെയും പ്രവാസികളായി കണക്കാക്കി അവർക്കും രജിസ്ട്രേഷൻ സൗകര്യം ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ച് വരുന്നു. കോവിഡ് മൂലം തൊഴിൽ നഷ്ടപ്പെട്ട് മടങ്ങിയെത്തിയ പ്രവാസികളുടെ പുനരധിവാസത്തിനായി വിവിധ പദ്ധതികൾ 'കേരളീയ പ്രവാസികാര്യ വകുപ്പ് (NORKA)' ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ